# മരണാനന്തര കർമങ്ങളുടെ ശാസ്ത്രം

## അനുക്രമണിക


卐 **ആമുഖം** 7

卐 **ആധ്യാത്മിക പരിഭാഷയിൽ മുഖവുര** 9

---

1. മരണസമയത്ത് നാവിൽ നാമം ഉണ്ടാകേണ്ടതിന്റെ മഹത്ത്വം 11
2. മരണാസന്നനായ വ്യക്തിക്കുവേണ്ടി ചെയ്യേണ്ട കർമങ്ങൾ 13
3. ഒരു വ്യക്തിയുടെ മരണത്തിനു മുമ്പ് ചെയ്യേണ്ട കാര്യങ്ങൾ 16
4. വ്യക്തിയുടെ മരണശേഷം 13-ാം ദിവസം വരെ ചെയ്യേണ്ട പ്രധാന കർമങ്ങൾ 17
5. ചില സംസ്കാര ചടങ്ങുകൾക്കു പിന്നിലുള്ള ശാസ്ത്രം 39
6. മരണപ്പെട്ട വ്യക്തിയുടെ സാധനങ്ങൾ പിന്നീട് എന്തു ചെയ്യണം? 57
7. പുല 59
8. അസ്ഥിസഞ്ചയനവും നിമജ്ജനവും 61
9. പിണ്ഡദാനം 63
10. മരണാനന്തരം 10, 12, 13 എന്നീ ദിവസങ്ങളിലെ വിധികളുടെ മഹത്ത്വം 66

# ആമുഖം

ജനനം മുതൽ മരണം വരെ മനുഷ്യന് ജീവിതത്തിലെ ഓരോ സന്ദർഭങ്ങളിലൂടെയും ഈശ്വരനുമായി അടുക്കുവാൻ സാധിക്കണം, എന്ന ഉദ്ദേശ്യത്തോടെയാണ് ഹിന്ദു ധർമത്തിൽ ധാർമിക സംസ്കാരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയിലെ ഒന്നാണ് മരണാനന്തര കർമങ്ങൾ.

പലപ്പോഴും മരണാനന്തര കർമങ്ങകൾ വെറും ഒരു ചടങ്ങായി അല്ലെങ്കിൽ കടമയായി ചെയ്യുന്നു; പലർക്കും ഇവയുടെ മഹത്ത്വമോ ഇവയ്ക്കു പിന്നിലുള്ള ശാസ്ത്രമോ അറിയില്ല. കർമത്തിനു പിന്നിലുള്ള ശാസ്ത്രവും അതിന്റെ മഹത്ത്വവും മനസ്സിലാകുമ്പോൾ അതിനോട് വിശ്വാസം വർദ്ധിച്ച് അത്യന്തം ശ്രദ്ധയോടെ അത് ചെയ്യാൻ സാധിക്കുന്നു. 'ശ്രദ്ധയോടെ കർമം ചെയ്താൽ മാത്രമേ അതിന്റെ ഫലം പൂർണമായും ലഭിക്കുകയുള്ളൂ.' മരണാനന്തര കർമങ്ങളിലുള്ള ശുഷ്കത മാറി അതിൽ വിശ്വാസത്തിന്റെ ആർദ്രത ഉണ്ടാകുന്നതിനായി ഈ ലഘുഗ്രന്ഥത്തിൽ, ഇതിന്റെ ശാസ്ത്രം വിശദീകരിച്ചിരിക്കുന്നു.

മരണാനന്തര കർമങ്ങൾ ശ്രദ്ധയോടെയും ശരി യായ രീതിയിലും ചെയ്താൽ, മരിച്ച വ്യക്തിയുടെ ലിംഗദേഹം,

ഭൂലോകത്തിലോ മൃത്യുലോകത്തിലോ തങ്ങി നിൽക്കാതെ സദ്ഗതി നേടി അടുത്ത ലോകത്തിലേക്ക് പോകുന്നു. അതിനാൽ കുടുംബാംഗങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ലിംഗദേഹത്തെ അനിഷ്ട ശക്തികൾ സ്വാധീനിക്കാനുള്ള സാധ്യതയും കുറയുന്നു.

ഈ ലഘുഗ്രന്ഥം വായിച്ചിട്ട് മരണാനന്തര കർമങ്ങളുടെ മഹത്ത്വം ഹിന്ദുക്കൾക്ക് മനസ്സിലാകുകയും ധർമത്തിലുള്ള വിശ്വാസം കൂടുകയും ചെയ്യട്ടെ, എന്നു ശ്രീഗുരുചരണങ്ങളിൽ പ്രാർഥിക്കുന്നു. - **സമാഹർത്താവ്**

**ലിംഗദേഹത്തിന്റെ യാത്രയിലെ തടസ്സങ്ങളെ നീക്കുവാൻ വഴികാട്ടിയായ ലഘുഗ്രന്ഥം** : പരമ പൂജനീയ ഡോക്ടർ ഈ ലഘുഗ്രന്ഥത്തിൽ മരണത്തിനുശേഷം പുതിയ ലോകത്തിലേക്ക് ഉയരുന്ന ലിംഗദേഹത്തിന്റെ യാത്രയിലെ ഓരോ പടിയിലുമുള്ള രജ-തമാത്മക തടസ്സങ്ങളെ എങ്ങനെ ഒഴിവാക്കാം എന്നത് സാധാരണ ആളുകൾക്ക് മനസ്സിലാക്കാൻ ലളിതമായ രീതിയിൽ വിശദീകരിച്ചിട്ടുണ്ട്.' – സൂക്ഷ്മലോകത്തിലെ 'ഒരു ജ്ഞാനി' (ശ്രീചിത്ശക്തി [ശ്രീമതി.] അഞ്ജലി ഗാഡ്ഗിലിന്റെ മാധ്യമത്തിൽക്കൂടി)